എൻ. വി. യുടെ ലേഖനത്തോടുള്ള സാഹിത്യചർച്ച നവയുഗത്തിൽ മുടങ്ങാതെ കൊടുക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. സാഹിത്യരംഗത്തു പ്രത്യേകിച്ചും മാർക്സിസ്റ്റ് വീക്ഷണത്തിന്നു നേരിടേണ്ടിവന്നിട്ടുള്ള ഗുരുതരമായ ഒരു പ്രശ്നമാണ് ജനസാമാന്യത്തിന്റെ നിരക്ഷരത്വം. എൻ. വി. യുടെ ലേഖനത്തിൽ അതു് ഊന്നി പ്രതിപാദിച്ചിട്ടുണ്ടു്. എന്നാൽ സാക്ഷരന്മാരുടെ ഇടയിലേക്കു പശ്ചാത്യലോകത്തിൽനിന്നു് ഇറങ്ങി വന്നിട്ടുള്ള പുത്തൻകുപ്പായമിട്ട അരാജകത്വപ്രവണതകൾ നമ്മുടെ മാർക്സിസ്റ്റ് സാഹിത്യകാരന്മാർ കൂടുതൽ ശ്രദ്ധയോടെ കൈകാര്യം ചെയ്യണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇതിലേതിന്നാണ് പ്രാധാന്യമെന്ന ഞങ്ങളിവിടെ തർക്കിക്കുന്നില്ല. ' ഈ വിഷയത്തിൽ തല്പരരായ എല്ലാ എഴുത്തുകാരേയും ചർച്ചയിലേക്കു ഞങ്ങൾ ക്ഷണിക്കുന്നു.

—പത്രാധിപർ

എൻ. വി. കൃഷ്ണവാരിയർ

ഇന്ത്യൻകമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒമ്പതാം കോൺഗ്രസ്സിനോടു ചേർന്ന് ഒക്ടോബർ 8-ാംനു എറണാകുളത്തു നടന്ന സാഹിത്യകാരന്മാരുടെ സമ്മേളനത്തിൽ വായിച്ച ഈ പ്രബന്ധം, ശ്രീ. വൈക്കം ചന്ദ്രശേഖരൻനായർ മുതലായവർ പ്രസിദ്ധപ്പെടുത്തിയ അടിസ്ഥാനരേഖയുടെ വിമർശനവും പൂരണവും ആയാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

—ലേഖകൻ

# പുരോഗമനസാഹിത്യകാരന്റെ ഇന്നത്തെ കടമ

I. പുരോഗമനസാഹിത്യകാരന്റെ ഇന്നത്തെ കടമയെപ്പററി ശ്രീ. വൈക്കം തയ്യാറാക്കിയ പ്രബന്ധം, അതിന്റെ അടിയൊഴുക്കായ സദുദ്ദേശം ആദരണീയമെങ്കിൽത്തന്നെയും, അപഗ്രഥനത്തിലും ഉദ്ഗ്രഥനത്തിലുമുള്ള സൂക്ഷ്മതക്കുറവുനിമിത്തം, വ്യക്തമായ നിഗമനങ്ങളിൽ എത്തുന്നതിൽ സഹായിക്കുന്നില്ല എന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു.

II 1. "പുരോഗമനസാഹിത്യസംഘടന നിശ്ചേതനമായതോടെ ആണ് നമ്മുടെ എഴുത്തുകാർ കൂട്ടായിരുന്നുള്ള അഭിപ്രായവിനിമയങ്ങളിൽനിന്നു പിൻവാങ്ങിയതു്" എന്നു ശ്രീ വൈക്കം പ്രസ്താവിക്കുന്നു. എന്നാൽ, വാസ്തവമെന്താണ്? മുമ്പു് ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധം സാഹിത്യത്തേയും കലകളെയും പററി ഫലപ്രദങ്ങളായ ചർച്ചകൾ ഇക്കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിൽ, പുരോഗമനസാഹിത്യസംഘടനയുടെ തിരോധാനത്തിനുശേഷം, ഇവിടെ നടക്കുകയുണ്ടായി; സാഹിത്യവും കലകളും, പ്രത്യേകിച്ച് അഭിനയവേദി, ബഹുജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ഉണ്ടായി. ലക്ഷക്കണക്കിന് ആളുകൾ പങ്കെടുത്തിരുന്ന നീണ്ട സാഹിത്യമഹോത്സവങ്ങളായിരുന്നു അമ്പതുകളിലെ സാഹിത്യപരിഷദ്വാർഷികങ്ങൾ. ഇവയ്ക്കു നേതൃത്വം നൽകിയിരുന്നതാകട്ടെ, ഏറെക്കുറെ പുരോഗമനസാഹിത്യസംഘടനയിലെ പ്രവർത്തകർതന്നെയായിരുന്നു താനും. ഉത്സവച്ചടങ്ങുകൾ നീക്കിവെച്ചാലും, പ്രയോജനപ്രദങ്ങളായ പല ചർച്ചകളും ഈ വാർഷികങ്ങളിൽ നടന്നിരുന്നു. നമ്മുടെ പുസ്തകപ്രസാധനരംഗത്തിലെ മഹാത്ഭുതമായ സാഹിത്യപ്രവർത്തകസഹകരണസംഘം പടർന്നു പന്തലിച്ച്, കേരളത്തിലെ സാഹിത്യപ്രവർത്തനത്തിന്റെ ഭൗതികാടിസ്ഥാനം കുറെയെങ്കിലും ഭദ്രമാക്കിയതും ഇക്കാലത്താണ്. കോഴിക്കോട്ടും പരിസരങ്ങളിലുമായി ആരംഭിച്ച് കേരളത്തിൽ പരക്കെ വ്യാപിച്ച കലാസമിതിപ്രസ്ഥാനം നമ്മുടെ നാട്യവേദിക്കു നൽകിയ ഉത്തേജനം അതുല്യം തന്നെയായിരുന്നു. ഇതോടൊപ്പം അഖിൽപ്രൊഫെഷണൽ ആയ കെ. പി. ഏ. സി. പോലുള്ള പല സംഘടനകളുടെ സംഭാവനകൾ കൂടി ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. സാഹിത്യപരിഷത്ത് ചില കാരണങ്ങളാൽ നിശ്ചേതനമായപ്പോൾ രൂപംകൊണ്ട സാഹിത്യസമിതി അതിന്റെ ക്യാമ്പുകളിലൂടെ എഴുത്തുകാരുടെ ഒരു പുതിയ തലമുറയ്ക്ക് രൂപവും ലക്ഷ്യവും നൽകുകയുണ്ടായി. കഴിഞ്ഞ ഒരു ദശാബ്ദമായി നമ്മുടെ വൈചാരികസാഹിത്യത്തിന് ഗണനീയസംഭാവനകൾ നൽകിവരുന്ന ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രവർത്തനങ്ങളാണ് സവിശേഷം സ്മരിക്കേണ്ട മറെറാരു സംഭവവികാസം. സാഹിത്യത്തിന്റെ തെരഞ്ഞെടുത്ത ചില മണ്ഡലങ്ങളിൽ തീവ്രമായി പ്രവർത്തിക്കുവാനുദ്ദേശിച്ചു രൂപംകൊണ്ട കവിതാസമിതി, നാടകക്കളരി മുതലായ സംഘടനകളുടെ പ്രവർത്തനങ്ങളും, അടുത്തകാലത്തായി "അത്യാധുനികത"യുടെ വക്താക്കൾ സംഘടിപ്പിച്ചിരുന്ന ചർച്ചകളും അവഗണിക്കപ്പെടേണ്ടവയല്ല. മലയാളസിനിമക്ക് അതിന്റെ വ്യക്തിത്വം കൈവന്നതും, നമ്മുടെ സംസ്കാരവും സാഹിത്യവും സിനിമയിൽ സ്വാധീനം ചെലുത്തിത്തുടങ്ങിയതും ഇക്കാലത്തുതന്നെ. "കൂട്ടായിരുന്നുള്ള അഭിപ്രായവിനിമയങ്ങൾ" കൂടാതെ പട്ടുമുള പൊട്ടിത്തഴച്ചുണ്ടായ പ്രതിഭാസങ്ങളല്ല ഇതെല്ലാം. ഇവയും, ഇവപോലുള്ള മററു പലതും, കണക്കിലെടുക്കാതെ നമ്മുടെ സാംസ്കാരികജീവിതത്തിന്റെ ആസന്ന-ഭൂത-വർത്തമാനകാലങ്ങളെ വിലയിരുത്തുന്നതും, ആ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംഘടിതമായ ഭാവിപ്രവർത്തനം ആസൂത്രണം ചെയ്യുന്നതും ശരിയായിരിക്കുമെന്ന് എനിക്ക് അഭിപ്രായമില്ല. മറിച്ച്, ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനുദ്ദേശിക്കുന്നവർ ഈ സമീപകാലസംഭവവികാസങ്ങൾക്കു പ്രാധാന്യം നൽകുകയും, പുരോഗമനസാഹിത്യസംഘടന പൊളിഞ്ഞുപോയതിന്റെ ഉത്തരവാദിത്വം സംബന്ധിച്ച നിഷ്ഫലങ്ങളായ ചർച്ചകൾ കഴിയുന്നത്ര ഒഴിവാക്കുകയും ചെയ്യുന്നതു് ആശാസ്യമായിരിക്കുമെന്നും ഞാൻ കരുതുന്നു.

2. എന്നാൽ, "1955-56നുശേഷം പാർട്ടി സ്വന്തം അണികളിൽപ്പെട്ടവരോ അനുഭാവികളോ ആയ സാഹിത്യകാരന്മാരോടും സാംസ്കാരികപ്രവർത്തകരോടും വേണ്ടത്ര സമ്പർക്കം പുലർത്തിയിട്ടില്ല. തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ പ്രതിനിധികൾ അധികാരത്തിൽ വ

ന്നിട്ടുപോലും തൊഴിലാളിവർഗ്ഗസാഹിത്യകലാദികൾക്ക് സജീവ പരിഗണന ലഭിച്ചിട്ടില്ല" എന്ന ശ്രീ. വൈക്കത്തിന്റെ കുററാരോപണം വസ്തുനിഷ്ഠമാണ്; ഇന്ത്യയിലെ എല്ലാ രാഷ്ട്രീയകക്ഷികൾക്കും ഒരുപോലെ ബാധകവുമാണ്. ഇക്കഴിഞ്ഞ രണ്ടു ദശകങ്ങളിൽ നമ്മുടെ എല്ലാ രാഷ്ട്രീയകക്ഷികളും, ജവഹർലാൽ നെഹ്റുവിനെ ഒഴിച്ചുനിർത്തിയാൽ സ്വതന്ത്രഭാരതത്തിലെ എല്ലാ രാഷ്ട്രീയനേതാക്കളും, ബുദ്ധിപരത (ഇൻടെലെക്ച്വലിസം) യോട് പ്രകടമായ വിദ്വേഷമല്ലെങ്കിൽ പ്രകടമായ അനാസ്ഥയെങ്കിലും പുലർത്തിപ്പോരുകയാണ് ചെയ്തിട്ടുള്ളത്. ഇത് രാഷ്ട്രീയപ്രവർത്തനത്തെ ആഭാസം (വൾഗർ) ആക്കി; ബുദ്ധിപരമായ പ്രവർത്തനങ്ങളെ പൊതുവെ മന്ദീഭവിപ്പിക്കുകയും ചെയ്തു. രാഷ്ട്രീയമായ പ്രവർത്തനവും ബുദ്ധിപരമായ പ്രവർത്തനവും ഇണങ്ങിപ്പോകുമ്പോൾ മാത്രമേ രാഷ്ട്രീയ–ബുദ്ധിപര–മണ്ഡലങ്ങൾക്ക് ദീപ്തിയും ഊർജ്ജവും ഉണ്ടാവൂ. ഈ വസ്തുത രാഷ്ട്രീയകക്ഷികൾ എത്രവേഗം മനസ്സിലാക്കുന്നുവോ അത്രയും നന്ന്.

## രാഷ്ട്രതന്ത്രവും സാഹിത്യവും: മൗലികമായ ഭേദം

III 1. രാഷ്ട്രീയകക്ഷികളും സാഹിത്യകാരന്മാരും തമ്മിൽ ഉണ്ടായിരിക്കേണ്ട മാതൃകാപരമായ ബന്ധം നിർവ്വചിക്കുന്നതിനുമുമ്പ്, രാഷ്ട്രതന്ത്രവും സാഹിത്യവും തമ്മിലുള്ള അടിസ്ഥാനപരമായ സാജാത്യവും വൈജാത്യവും വിശദമാക്കേണ്ടിയിരിക്കുന്നു. "സമൂഹത്തിലെ അസാധാരണജോലി നിർവ്വഹിക്കുന്ന സാധാരണ അംഗം" എന്നു സാഹിത്യകാരനെ നിർവ്വചിക്കുന്നത് ഈ വിശദീകരണത്തിന്നു പകരമാവില്ല. തെററിദ്ധാരണ ഉളവാകുവാൻ ഈ നിർവ്വചനം വഴിവെയ്ക്കുകയും ചെയ്യും. ശ്രീ. വൈക്കത്തിന്നുതന്നെ ഈ തെററിദ്ധാരണ വന്നുചേർന്നിട്ടില്ലേ എന്നു സംശയം തോന്നുന്നു. "തൊഴിലാളിസമരങ്ങൾ നടത്തുക, പാർട്ടിയുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കുക, ഐക്യമുന്നണികൾ രൂപവൽക്കരിക്കുക തുടങ്ങിയ രാഷ്ട്രീയപ്പാർട്ടികളുടെ കർമ്മപദ്ധതിയല്ല സാഹിത്യകാരന്റേത്. അവന്റെ ജോലി സർഗ്ഗാത്മകമായ കലാനിർമ്മാണമാണ്. ഇതു വ്യക്തിനിഷ്ഠമാണ്" എന്നു ശ്രീ. വൈക്കം പറയുന്നതിന്ന് എന്താണ് അർത്ഥം? സാഹിത്യകാരന്റെയും രാഷ്ട്രീയപ്രവർത്തകന്റെയും പ്രവർത്തനങ്ങൾക്കുള്ള ബാഹ്യമായ ഭേദം, ഒരാൾ ഏകാന്തതയിലും മററ ആൾ ആൾക്കൂട്ടത്തിന്നിടയിലും കൂടുതൽ സമയം കഴിച്ചുകൂട്ടുന്നു എന്ന സ്ഥൂലമായ വസ്തുത, മാത്രമേ ശ്രീ. വൈക്കം കാണുന്നുള്ളു എന്നല്ലേ?

2. രാഷ്ട്രതന്ത്രവും സാഹിത്യവും ഒരു കാര്യത്തിൽ ഏകോദ്ദേശ്യകങ്ങളാണ്: രണ്ടിന്റെയും ലക്ഷ്യം സമുദായത്തിന്റെ പുനർനിർമ്മിതിയത്രേ. രണ്ടും ഏറക്കുറെ "സോഷ്യൽ എൻജിനിയറിംഗ്" എന്നു വിളിക്കപ്പെടാവുന്നവ ആകുന്നു. വ്യക്തമായ ബോധത്തോടെയോ അബോധപൂർവ്വമായ അന്തശ്ചോദനംകൊണ്ടോ സാഹിത്യത്തോട് സോഷ്യൽ എൻജിനീയറിംഗിന്റേതായ സമീപനം കൈക്കൊണ്ടിട്ടുള്ളവരാണ് ഏറക്കുറെ എല്ലാ നാടുകളിലെയും എല്ലാ കാലങ്ങളിലെയും ഉത്തമസാഹിത്യകാരന്മാർ.

3. ഈ സാജാത്യമുണ്ടെങ്കിലും, രാഷ്ട്രതന്ത്രവും സാഹിത്യവും തമ്മിൽ മൗലികമായ വൈജാത്യവുമുണ്ട്. രാഷ്ട്രതന്ത്രം സമുദായത്തിന്റെ പുനർനിർമ്മാണം സാധിയ്ക്കുന്നത് അധികാരശക്തി ഉപയോഗിച്ച ബാഹ്യോപാധികളിൽ, പരിസ്ഥിതിയിൽ, സാമൂഹ്യോല്പാദനത്തിൽ, സാമ്പത്തികഘടനയിൽ, നിയമത്തിൽ, നിയമപാലനരീതിയിൽ, വിദ്യാഭ്യാസസമ്പ്രദായത്തിൽ, ബഹുജനസമ്പർക്കോപാധികളിൽ, പരിവർത്തനം വരുത്തിയിട്ടാണ്. ഭൗതികജീവിതത്തെ മാററുന്നതുവഴി ആന്തരജീവിതത്തെ മാററുന്ന തന്ത്രമത്രെ രാഷ്ട്രതന്ത്രം. ഭൗതികജീവിതത്തെ മാററാൻ രാഷ്ട്രീയാധികാരം കൈവന്നേ പററൂ. അതിനാൽ രാഷ്ട്രീയപ്രവർത്തകന്റെ ഒന്നാമത്തെ ലക്ഷ്യം അധികാരം പിടിച്ചുപററലും രണ്ടാമത്തെ ലക്ഷ്യം (മൂന്നാമത്തെയും നാലാമത്തെയും അവസാനത്തെയും ലക്ഷ്യവും) പിടിച്ചുപററിയ അധികാരം നിലനിർത്തലുമാകുന്നു. ജനാധിപത്യത്തിൽ വോട്ടിലൂടെയും ഏകാധിപത്യത്തിൽ തോക്കിന്റെ കുഴലിലൂടെയും അധികാരം പിടിച്ചുപററേണ്ടതാണ് രാഷ്ട്രീയപ്രവർത്തകന്റെ കടമ. ആയുധം തോക്ക് ആയാലും വാക്ക് (വോട്ട്) ആയാലും, അധികാരംനേടലും നിലനിർത്തലുമാണ് രാഷ്ട്രീയപ്രവർത്തനത്തിന്റെ ഉന്നം. നൈതികശക്തികൊണ്ടു വ്യക്തികളുടെ ഹൃദയപരിവർത്തനത്തിലൂടെ സാമൂഹ്യപരിവർത്തനംവരുത്താൻ യത്നിച്ചിരുന്ന മഹാത്മാഗാന്ധിപോലും രാഷ്ട്രീയാധികാരത്തിനുവേണ്ടിയുള്ള സമരത്തിനാണല്ലോ പരമപ്രാധാന്യം നൽകിയിരുന്നത്.

## വ്യക്തിചേതനകളുടെ പുനർനിർമ്മാണം

4. സാഹിത്യത്തിന്റെ ലക്ഷ്യം സമുദായത്തിന്റെ പുനർനിർമ്മിതി ആണെന്നു മുമ്പു പറയുകയുണ്ടായി. പക്ഷെ, സാഹിത്യം ഈ ലക്ഷ്യം നേടുന്നത് അധികാരത്തിന്റെ സമ്മർദ്ദം ഉപയോഗിച്ചല്ല, വ്യക്തിചേതനകളുടെ പുനർനിർമ്മാണത്തിലൂടെയാണ്. സാഹിത്യത്തിന്റെയെന്നപോലെ മററു കലകളുടേയും തത്വജ്ഞാനത്തിന്റേയും ചരിത്രത്തിന്റെയും, വ്യാപകമായ അർത്ഥത്തിൽ സയൻസിന്റെയും, ലക്ഷ്യം വ്യക്തിചേതനകളുടെ പുനർനിർമ്മാണംതന്നെ. താൻ സഹസ്രാബ്ദങ്ങളിലൂടെ വളർത്തിയെടുത്ത സങ്കേതവിദ്യ (ടെക്നോളജി)യുടെ ഒപ്പമെത്താൻ മനുഷ്യന്റെ മനസ്സിന്ന് ഇനിയും കഴിവു കൈവന്നിട്ടില്ല. പരിഷ്കൃതമായ ടെക്നോളജിയുമായി താരതമ്യപ്പെടുത്തുമ്പോൾ മനുഷ്യമനസ്സ് ഇന്നും പ്രാകൃതാവസ്ഥയിലത്രെ. പ്രാകൃതമനുഷ്യൻ ആത്മരക്ഷോപായമായി കണ്ടു് അവലംബിച്ചുപോന്ന യുദ്ധംതന്നെയാണ് ഗോളാന്തരയാത്ര നിർവ്വഹിക്കുന്ന ആധുനികരാഷ്ട്രങ്ങളും ആത്മരക്ഷക്കുള്ള അന്തിമായുധമായി ഇന്നും അവലംബിച്ചുപോരുന്നതു്. മനുഷ്യൻ ഇന്ന് എത്തിച്ചേർന്നിട്ടുള്ള, താരതമ്യേന ഉന്നതമായ, നാഗരികതയുടെ ഘട്ടവുമായി മാത്രമല്ല, നാളെയും മററന്നാളും എത്താനിരിക്കുന്ന പരമോന്നതങ്ങളായ നാഗരികതാഘട്ടങ്ങളുമായിക്കൂടി മനുഷ്യന്റെ മനസ്സിനെ, ചേതനയെ, അവബോധത്തെ, സമരസപ്പെടുത്തുക എന്നതാണ് സാഹിത്യകാരൻ നിർവ്വഹിക്കേണ്ട സോഷ്യൽ എൻജിനിയറിംഗ്. സമുദായവിപ്ലവത്തിന്നു സാഹിത്യം കരുവായിത്തീരുന്നത് മനുഷ്യമനസ്സുകളിൽ അതു വരുത്തുന്ന പരിവർത്തനത്തിലൂടെയാണ്. ആസ്വാദകന്റെ മനസ്സിൽ ഒരു അഴിച്ചുകൂട്ടലാണ് സാഹിത്യത്തിന്റെ പ്രമുഖലക്ഷ്യം. ഇതിന്ന് അധികാരം ആവശ്യമില്ല. അതിനാൽ സാഹിത്യകാരൻ ഒരിക്കലും രാഷ്ട്രീയാധികാരത്തെ തന്റെ ലക്ഷ്യമായി കണക്കാക്കുന്നില്ല.

5. എങ്കിലും, ശ്രീ. വൈക്കം പറയുന്നപോലെ, 'തൊഴിലാളിസമരങ്ങൾ നടത്തുക....' തുടങ്ങിയ രാഷ്ട്രീയപ്പാർട്ടികളുടെ കർമ്മപദ്ധതി സാഹിത്യകാരനു നിഷിദ്ധമൊന്നുമല്ല. മാത്രമല്ല, 'സമൂഹത്തിൽനിന്ന് ആവേശം' കൊള്ളണമെങ്കിൽ, ഒരളവുവരെ ഈ കർമ്മപദ്ധതി അയാൾക്ക് ആവശ്യമായേയ്ക്കാം. ബഹുജനങ്ങളിൽനിന്നു തികച്ചും വിട്ടുനില്ക്കുകയും അതേസമയം വികാരപരമായി അവരുമായി തികച്ചും സാത്മ്യം നേടുകയുംചെയ്യുന്ന പരഹൃദയപ്രവേശശക്തിയുള്ള അപൂർവ്വം ചില സാഹിത്യകാരന്മാർ ഉണ്ടായേയ്ക്കാം. എന്നാൽ ഭൂരിഭാഗം എഴുത്തുകാർക്കും ഈ കഴിവു കുറവായാണ് കണ്ടിട്ടുള്ളത്. അതിനാൽ ബഹുജനപ്രസ്ഥാനങ്ങളിൽ പങ്കെടുക്കുന്നതു സാഹിത്യകാരന്റെ വളർച്ചയെ സാരമായി സഹായിക്കും. കഴിവും സൗകര്യവുമുള്ള സാഹിത്യകാരന്മാർ തങ്ങളുടെ മനസ്സിന്നിണങ്ങിയ രാഷ്ട്രീയപ്പാർട്ടിയുടെ കർമ്മപദ്ധതിയുമായി ബന്ധപ്പെടുന്നതു് ഈ അർത്ഥത്തിൽ, പ്രയോജനകരമാകുന്നു.

6. പക്ഷേ, സാഹിത്യകാരൻെറ കൃതികളുടെ ശ്രവ്യം സമുദായമല്ല, ഒററയൊററ വ്യക്തികളാണ്; ഒററപ്പെട്ട വ്യക്തികളാണ്; വ്യക്തികളും അവരുടെ ഏകാന്തതയുമാണ്. ഈ സംഗതി എത്ര ഊന്നിപ്പറഞ്ഞാലും അധികമാവുകയില്ല. സാഹിത്യം വ്യക്തിയുടെ ചേതനയിലേയ്ക്ക് ഏകാന്തതയിൽ കടന്നുചെല്ലുകയും, ആ ചേതനയുടെ ഘടനയിൽ അടിസ്ഥാനപരമായ ചില മാററങ്ങൾ, ഉള്ളിൽനിന്ന്, ഉണ്ടാക്കുകയും ചെയ്യുന്നു. പ്രകാശമേററ മുകുളം പുഷ്പമാകുന്നതുപോലെ, സാമൂഹ്യവും നൈതികവും ആധ്യാത്മികവുമായ സത്യസൗന്ദര്യങ്ങളെ വികാരത്തിൻെറ ഊഷ്മാവിലും വിചാരത്തിൻെറ പ്രകാശത്തിലും സാക്ഷാൽക്കരിക്കുന്ന ചേതനയ്ക്ക് ഘടനാപരവും ഗുണപരവുമായ മാററം സംഭവിക്കുന്നു. വിടർന്നുകഴിഞ്ഞ പൂവ് വീണ്ടും മൊട്ടായിത്തീരാത്തതുപോലെ, മുൻപറഞ്ഞ മാററം നേടിയ ചേതന അതിൻെറ പഴയ സ്ഥിതിയിലേയ്ക്ക് തിരിച്ചുപോകുന്നില്ല. അനുഭൂതി ഇവിടെ പരിവർത്തനംതന്നെ ആയിത്തീരുന്നു. സാഹിത്യം മനുഷ്യമനസ്സിൽ ഇങ്ങിനെ ഒരു അഴിച്ചുകൂട്ടലുണ്ടാക്കുന്നത് ഏതുവിധത്തിലാണെന്നതിനെപ്പററി പല സിദ്ധാന്തങ്ങൾ പല കാലങ്ങളിലായി ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഭാരതീയരുടെ രസധ്വനിസിദ്ധാന്തം, അരിസ്റ്റോട്ടലിൻെറ വിരേചനസിദ്ധാന്തം, ഫ്രോയ്ഡിൻെറ സെക്സ് സിദ്ധാന്തം, കോഡ്വെല്ലിൻെറ മന്ത്രവാദസിദ്ധാന്തം—അങ്ങിനെ സിദ്ധാന്തങ്ങൾ പലതെങ്കിലും, അവയെല്ലാം വിശദീകരിക്കാൻ ശ്രമിക്കുന്നതും, തൃപ്തികരമായി വിശദീകരിക്കാൻ അവയ്ക്ക് ഒന്നും കഴിയാത്തതുമായ മൗലികവസ്തുത, സൗന്ദര്യാനുഭൂതിയുടെ ഉജ്ജ്വലനിമിഷത്തിൽ സഹൃദയമനസ്സിൽ നടക്കുന്ന പരിണാമപ്രക്രിയതന്നെയാണ്. ഈ പരിണാമപ്രക്രിയ, സമൂഹത്തെയും അതിലെ വ്യക്തികളെയും മനുഷ്യാതീതത്തെത്തന്നെയും കുറേക്കൂടി ആഹ്ലാദത്തോടെയും പ്രയോജനകരമായും നേരിടാൻ മനുഷ്യന്ന് കഴിവു നല്കുന്നു; ഭാവിനാഗരികതയുടെ സാദ്ധ്യതകൾ അയാളുടെ ചേതനയിൽ സംഭവ്യതകളായിത്തീരുന്നു.

7. സാഹിത്യകാരനും രാഷ്ട്രീയപ്രവർത്തകനും തമ്മിലുള്ള അന്തരം ഇവിടെയാണ്; അല്ലാതെ, ശ്രീ. വൈക്കം നിർദ്ദേശിച്ചപോലെ സാഹിത്യകാരൻെറ സൃഷ്ടികർമ്മം വ്യക്തിനിഷ്ഠവും രാഷ്ട്രീയപ്രവർത്തകൻെറ പ്രവർത്തനം സമൂഹനിഷ്ഠവുമാണെന്നതിലല്ല. ഇക്കാര്യം ഊന്നിപ്പറയേണ്ട ആവശ്യമുണ്ട്; കാരണം സാഹിത്യകാരന്ന് ഒരു സാമൂഹ്യകർത്തവ്യവുമില്ലെന്നു വാദിക്കുന്ന പലായനവാദികൾ സ്ഥിരമായി പറഞ്ഞുവരാറുള്ള അതേകാര്യംതന്നെയാണ് ശ്രീ. വൈക്കവും ആവർത്തിക്കുന്നതു്. രാഷ്ട്രീയപ്രവർത്തകൻെറ പ്രവർത്തനവും ചിലപ്പോൾ വ്യക്തിനിഷ്ഠമാകാറുണ്ട്—നല്ല ഒരു ലഘുലേഖയെഴുതുകയോ, ഒരു മികച്ച പ്രസംഗം തയ്യാറാക്കുകയോ, പ്രധാനമായ ഒരു ക്യാമ്പെയിൻെറ വിശദ പരിപാടി തയ്യാറാക്കുകയോ, മറ്റും ചെയ്യുമ്പോൾ ഇവ പിന്നീട് കൂട്ടായി ചർച്ച ചെയ്യപ്പെട്ടേക്കാമെന്നതു് മററൊരു കാര്യം. രാഷ്ട്രീയപ്രവർത്തനത്തിലും മൗലികപ്രതിഭയുടേതായ ഒരംശം ഉണ്ടെന്ന് ആർക്കായാലും, സമ്മതിച്ചേ തീരൂ. ഈ അംശം ഇല്ലെങ്കിൽ ലെനിനും ബോൾഷ്വിക്ക് പാർട്ടിയിലെ ഒരു സാധാരണ അംഗവും തമ്മിൽ ഒരു വ്യത്യാസവുമുണ്ടാകുമായിരുന്നില്ലല്ലോ. സാഹിത്യകാരൻെറ സൃഷ്ടികർമ്മവും ചിലപ്പോൾ കൂട്ടായി ചെയ്യുന്ന ഒന്നാവാം—ഒരു നാടകത്തിൻെറ നിർമ്മാണത്തിലെന്നപോലെ. അഭിനയം, സംഗീതം മുതലായ ചില കലകൾ കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ ഏററവും ഭംഗിയായി ആവിഷ്ക്കരിക്കാൻ കഴിയൂ. അതിനാൽ സൃഷ്ടാത്മകമായ കലാപ്രവർത്തനത്തിന്നും രാഷ്ട്രീയപ്രവർത്തനത്തിന്നും തമ്മിലുള്ള ഭേദം തൽപ്രയോക്താക്കളുടെ വ്യക്തിനിഷ്ഠതയിലോ സമൂഹനിഷ്ഠതയിലോ അല്ല; കലയുടെയും രാഷ്ട്രീയപ്രവർത്തനത്തിൻേറയും മൌലികസ്വഭാവമായ വ്യക്തിനിഷ്ഠതയിലും സമൂഹനിഷ്ഠതയിലുമാണ്. കല വ്യക്തിയുടെ അന്തശ്ചേതനയെ സ്പർശിക്കാനും ഉജ്ജ്വലിപ്പിക്കാനും മാററാനും ശ്രമിക്കുന്നു; രാഷ്ട്രീയപ്രവർത്തനം ആകട്ടെ ജീവിതത്തിൻെറ ഭൗതികസാഹചര്യങ്ങളെ മാററിത്തീർക്കാൻ ശ്രമിക്കുന്നു. ഈ വസ്തുതയിൽനിന്ന് ഉളവാകുന്നതാണ് കലാകാരൻെറയും രാഷ്ട്രീയപ്രവർത്തകൻെറയും പ്രവർത്തനശൈലികൾ തമ്മിലുള്ള അടിസ്ഥാനപരമായ അന്തരം. ഇതു വ്യക്തമാക്കാത്തതാണ് ശ്രീ. വൈക്കത്തിൻെറ പ്രബന്ധത്തിൻെറ ഏററവും വലിയ ദൗർബല്യം.

## രാഷ്ട്രതന്ത്രവും സാഹിത്യവും: സംയോജനമേഖല

IV 1. സ്വഭാവത്തെ സംബന്ധിച്ചിടത്തോളം മൗലികമായ ഭേദം ഉണ്ടെങ്കിലും, സമുദായ പുനർനിർമിതിയെന്ന വിശാലമായ പരമലക്ഷ്യത്തെസ്സംബന്ധിച്ചിടത്തോളം ഉത്തമ സാഹിത്യവും ഉത്തമ രാഷ്ട്രതന്ത്രവും പരസ്പര പൂരകങ്ങളാകുന്നു. പുരോഗമനരാഷ്ട്രതന്ത്രത്തിൻെറ ദീർഘകാലലക്ഷ്യമെന്തോ അതുതന്നെയാണ് പുരോഗമനസാഹിത്യത്തിൻെറയും ദീർഘകാലലക്ഷ്യം. അതേസമയം, രാഷ്ട്രീയപ്പാർട്ടികൾക്കു പല ഹ്രസ്വകാലലക്ഷ്യങ്ങളുമുണ്ടായിരിക്കും. അവ നേടാൻ ഈ പാർട്ടികൾ പല വിട്ടുവീഴ്ചകളിലും ഏർപ്പെട്ടുവെന്നു വരും. പാർട്ടികളുമായി അനുഭാവമുണ്ടെങ്കിലും സാഹിത്യകാരന്മാർ ഇതിനോടൊക്കെ യോജിച്ചുകൊള്ളണമെന്നില്ല. തല്ക്കാലത്തെ അധികാരലാഭമോ കിട്ടിയ അധികാരത്തിൻെറ സംരക്ഷണമോ തൻെറ ലക്ഷ്യമല്ലാത്തതിനാൽ സാഹിത്യകാരൻ തൻെറ കാഴ്ചപ്പാട് താഴ്ത്തിക്കെട്ടാനുദ്ദേശിക്കുകയില്ല. തല്ക്കാലം കുറച്ചു മുന്നോട്ടുപോവാൻ നല്ലതു് ഒരു പോത്തിനോടു ചേർത്തുകെട്ടുകയാണെങ്കിലും, തൻെറ വണ്ടി ഒരു നക്ഷത്രത്തോടു ചേർത്തുകെട്ടാനായിരിക്കും അയാൾ തയ്യാറാവുക. അതിനാൽ പാർട്ടിയുടെ അനുഭാവിയായിരുന്നിട്ടും സാഹിത്യകാരന്ന് പലപ്പോഴും പാർട്ടിയുമായി കലഹിയ്ക്കേണ്ടിവരുന്നു. എല്ലാ രാജ്യങ്ങളിലും കണ്ടുവന്നിട്ടുള്ളതാണ് ഈ പ്രതിഭാസം. സാഹിത്യകാരന്ന് ജീവിതത്തോടുള്ള ബന്ധംതന്നെ ഒരുതരം പ്രേമ-ദ്വേഷം (ലവ്-ഹെയ്ററ്) ആണെന്ന്, ഒരുതരം ഉഭയമുഖത (ആംബിവാലൻസ്) ആണെന്ന്, പറയാറുണ്ടല്ലോ. ഇത്തരമൊരു ഉഭയമുഖബന്ധമേ, സാധാരണഗതിയിൽ, സാഹിത്യകാരന്ന് പാർട്ടിയോട് ഉണ്ടാവൂ. അതാണുതാനും ഉണ്ടാകേണ്ടതു്. സാഹിത്യകാരനെന്ന നിലയിൽ സമൂഹത്തിന്ന്, പാർട്ടിയ്ക്കുതന്നെയും, തൻെറ സവിശേഷസംഭാവന നൽകാൻ ഈ ബന്ധമേ അയാളെ ശക്തനാക്കുകയുള്ളൂ. "വ്യക്തിനിഷ്ഠമായ സൃഷ്ടിപ്രക്രിയയ്ക്കാവശ്യമായ (സാഹിത്യകാരൻെറ) സ്വാതന്ത്ര്യം അംഗീകരിക്കുന്നില്ലെങ്കിൽ സാഹിത്യസൃഷ്ടി സാധ്യമല്ല" എന്ന് ഇതേകാര്യം തന്നെ ശ്രീ. വൈക്കവും ചൂണ്ടിക്കാട്ടുന്നുണ്ട്. പക്ഷേ "സർഗ്ഗപ്രക്രിയക്കാവശ്യമായ സ്വാതന്ത്ര്യം" എന്താണെന്ന് വിശദമാക്കേണ്ടതുണ്ട് എന്ന് എനിയ്ക്കു തോന്നുന്നു. ദീർഘകാലലക്ഷ്യങ്ങളെസ്സംബന്ധിച്ചിടത്തോളം ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകാതിരിക്കുക, ഹ്രസ്വകാലലക്ഷ്യങ്ങളുടെ പേരിൽ പാർട്ടിക്കുള്ളിൽ നടക്കുന്ന ധർമ്മഭ്രംശങ്ങളെ വിമർശിക്കുക, ഏതു പ്രശ്നവും അതിൻെറ ശരിയായ പരിപ്രേക്ഷ്യത്തിൽ കാണുന്നതിന്നാവശ്യമായ ഉൾക്കാഴ്ച നൽകുക—ഇതൊക്കെയാണ് 'സൃഷ്ടിപ്രക്രിയയ്ക്കാവശ്യമായ സാഹിത്യകാരൻെറ സ്വാതന്ത്ര്യം.' ഈ സ്വാതന്ത്ര്യം പലപ്പോഴും പാർട്ടികൾ 'അംഗീകരിച്ച'വെന്ന് വരില്ല; അംഗീകരിക്കാൻ അവയോട് ആവശ്യപ്പെടേണ്ടതുമില്ല. തൻെറ സ്വാതന്ത്ര്യം സാഹിത്യകാരൻ സ്വയം നേടേണ്ടിയിരിക്കുന്നു.

## ഇന്നത്തെ കാലഘട്ടത്തിൻെറ സവിശേഷതകൾ

V 1. പുരോഗമനവീക്ഷണമുള്ള സാഹിത്യകാരന്മാരുടെ കൂട്ടായപ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകം അർത്ഥഗർഭമായ ആധുനികകാലഘട്ടത്തിൻെറ സവിശേഷതകളും വൈരുദ്ധ്യങ്ങളും ഏതെന്ന കാര്യത്തി

ലും ശ്രീ. വൈക്കത്തിന്റെ പ്രബന്ധത്തിനു വ്യക്തമായ കാഴ്ചപ്പാടില്ല. ഇന്ത്യയിലെ സാമ്പത്തികസാമൂഹ്യ സംവിധാനത്തിന്റെയും രാഷ്ട്രീയരംഗത്തിന്റെയും "സങ്കീർണ്ണത"യിൽ അന്തംവിട്ടുനില്ക്കുകയാണ് ആ പ്രബന്ധം. ഈ സങ്കീർണ്ണതയുടെ അടിയിലുള്ള പ്രധാന വൈരുദ്ധ്യങ്ങളെ നിശ്ചയിക്കാതെ എങ്ങിനെയാണ് കൂട്ടായ പ്രവർത്തനത്തിനുള്ള ഭാവിപരിപാടി തയ്യാറാക്കുക!

2. പഴയ വിശ്വാസങ്ങളിലും ആചാരങ്ങളിലും ഉല്പാദനപ്രക്രിയകളിലും വേരൂന്നിയ, പാരമ്പര്യാധിഷ്ഠിതമായ, ഒന്നാണ് ഇന്നും ഭാരതീയസമുദായം. ഇന്ത്യയിലുള്ള അമ്പത്തിനാലുകോടി എഴുപതുലക്ഷം ജനങ്ങളിൽ മുപ്പത്തെട്ടുകോടി അറുപതുലക്ഷം ആളുകൾക്ക് സ്വന്തം മാതൃഭാഷതന്നെ എഴുതാനും വായിക്കാനും അറിഞ്ഞുകൂട. എഴുപതുശതമാനത്തോളം നിരക്ഷരരുള്ള ഈ സമുദായത്തെ അതിവേഗത്തിൽ ആധുനീകരിക്കുന്നതിനുള്ള ശ്രമമാണ് ഇവിടെ നടന്നുവരുന്നത്. ആധുനികീകരണം(മോഡേണൈസേഷൻ) എന്നതു വ്യക്തമായി നിർവ്വചിക്കപ്പെട്ട ഒരുസാമൂഹ്യശാസ്ത്രസങ്കല്പനമാകുന്നു. സമ്പന്നതയാണ് ആധുനികതയുടെ ഒരു മുഖ്യഘടകം. പുതിയ ടെക്നോളജിയുടെ സഹായം ഉപയോഗപ്പെടുത്തി കൃഷിയിലൂടെയും വ്യവസായത്തിലൂടെയുമുള്ള ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുകയും, ഇതിന്റെ ഫലങ്ങൾ ജനസാമാന്യത്തിന്നു ന്യായമായും ഏറെക്കുറെ തുല്യമായും ലഭിക്കുവാൻ കഴിയുമാറ് സേവനമേഖല വിപുലീകരിക്കുകയാണ് സമുദായത്തെ ആധുനീകരിക്കുവാനാവശ്യമായ ഭൗതികസാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന്നു ചെയ്യേണ്ടതു്. ഇതിന്നാകട്ടെ ആധുനികവിജ്ഞാനം ജനതയിലേക്ക് അണമുറിച്ച് ഒഴുക്കേണ്ടിയിരിക്കുന്നു. ആധുനികീകരണത്തിന്ന് അനുപേക്ഷണീയമായ മാനസികകാലാവസ്ഥ സൃഷ്ടിക്കുന്നതിന്നും നവീനവിജ്ഞാനത്തിന്റെ സാർവ്വജനീനമായ വിതരണം കൂടിയേ കഴിയൂ പുരോഗതിയുടെ മാറ്റുനോക്കുന്നതിനുള്ള ഉരക്കല്ലായാണ് സാമൂഹ്യശാസ്ത്രജ്ഞന്മാർ ആധുനികീകരണത്തെ കണക്കാക്കുന്നതു്.

3. ഈ പശ്ചാത്തലത്തിൽ, ഇന്ത്യയിലെ സാമൂഹ്യബോധമുള്ള സാഹിത്യകാരന്മാരെ സംബന്ധിച്ചിടത്തോളം ഏററവും അർത്ഥഗർഭമായ, വിപ്ലവകരമായ, സംഭവവികാസം ഏതെന്ന ചോദ്യത്തിന്ന് ഒരു ഉത്തരമേ ഉണ്ടാവൂ. ആധുനികശാസ്ത്രീയവിജ്ഞാനം സാധാരണക്കാരിൽ എത്തിക്കുന്നതിന്നുവേണ്ടി നടക്കുന്ന പരിശ്രമങ്ങളാണ് ആ സംഭവവികാസം.

## വൈചാരികമായ വശം

4. സാഹിത്യത്തിന്നു വൈകാരികമായ ഒരു വശം ഉള്ളതുപോലെ വൈചാരികമായ ഒരു വശംകൂടി ഉണ്ടെന്ന്, തന്റെ പ്രബന്ധം രചിക്കുമ്പോൾ ശ്രീ. വൈക്കം ആലോചിച്ചിട്ടില്ല. ഈ രണ്ടു വശങ്ങളിൽ ഏതിൽ കൂടുതൽ ഊന്നുന്നു എന്നതിൽനിന്ന്, ഒരു രാജ്യവും അതിലെ സാഹിത്യകാരന്മാരും ആധുനികീകരണത്തിന്റെ ഏതു പടവിൽ നിലംകൊള്ളുന്നു എന്ന് ഏറെക്കുറെ കണക്കാക്കാം. ആധുനികീകരണത്തിന്റെ താഴ്ന്ന പടവുകളിൽ നില്ക്കുന്നവർ വൈകാരികസാഹിത്യത്തിൽ അധികമായി ഊന്നുമ്പോൾ, അതിന്റെ ഉയന്ന പടവുകളിൽ നിലകൊള്ളുന്നവർ കൂടുതൽ ഊന്നുന്നതു വൈചാരികസാഹിത്യത്തിലാണ്. 1970-ൽ ജർമ്മൻഭാഷയിൽ പ്രസിദ്ധംചെയ്ത പുസ്തകങ്ങളിൽ അറുപതുശതമാനം വിജ്ഞാനപ്രധാനങ്ങളും നാല്പതു ശതമാനംമാത്രം ഭാവനാപ്രധാനങ്ങളുമായിരുന്നുവത്രേ. റഷ്യൻഭാഷയിൽ, ഒരുപക്ഷേ, വിജ്ഞാനപ്രധാനങ്ങളായ ഗ്രന്ഥങ്ങളുടെ അനുപാതം ഇതേകാലത്തു് ഇതിൽ കൂടുതലായിരിക്കണം. വളരാൻ വെമ്പുന്ന ഇന്ത്യയേപ്പോലുള്ള രാജ്യങ്ങളിൽ വിജ്ഞാനസാഹിത്യത്തിന്റെ അനുപാതം

(ശേഷം 27-ാംപേജിൽ)


## ലെനിന്റെ കൃതികൾ മലയാളത്തിൽ

**പുതിയ പതിപ്പുകൾ**

| | | പേജ് | വില |
|---|---|---|---|
| * | ബഹുജനങ്ങൾക്കിടയിലെ പാർട്ടിപ്രവർത്തനം (Party Work Among the Masses) | 218 | 0.70 |
| * | ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ഐക്യത്തെപ്പററി (On the Unity of the International Communist Movement) | 560 | 5.00 |
| * | സാമ്പത്തിക റൊമാൻറിസിസത്തിന്റെ ഒരു ചിത്രീകരണം (A Characterisation of Economic Romanticism) | 208 | 4.00 |

## പ്രഭാത് ബുക്ക്ഹൗസ്,

H. O. തിരുവനന്തപുരം

ബ്രാഞ്ചുകൾ: ആലപ്പുഴ, ഏലൂർ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, വടകര.

# പുരോഗമനസാഹിത്യ....

(10-ാംപേജിൽനിന്ന തുടർച്ച)

വൈകാരികസാഹിത്യത്തെ അപേക്ഷിച്ച് എത്ര കൂടുതലാകുന്നുവോ അത്രയും നന്ന്.

5. മലയാളം ഉൾപ്പെടെയുള്ള ഭാരതീയഭാഷകളിൽ വിജ്ഞാനപ്രധാനമായ സാഹിത്യം ത്വരിതഗതിയിൽ വളർന്നുകൊണ്ടിരിക്കയാണ്. നമ്മുടെ സാംസ്കാരികരംഗത്ത് അടുത്തകാലത്തു സംഭവിച്ച, ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്ന, ഏററവും മുഖ്യമായ, ഏററവും ആശാവഹമായ സംഭവവികാസം ഇതാകുന്നു. ഈ സംഭവവികാസത്തെ ത്വരിപ്പിക്കുകയെന്നതു് ഇന്ത്യയിലെ ഓരോ എഴുത്തുകാരന്റെയും കടമയാണ്. ഇതിനെപ്പററി മനസ്സിലാക്കാതെ "മാർക്സിസം, മാർക്സിസം" എന്നു് ഉരുവിട്ടുകൊണ്ടിരുന്നിട്ട് എന്തുകാര്യം? ആധുനികവിജ്ഞാനത്തിന്റെ, ടെക്നോളജിയുടെ, വികാസമാണ് ശാസ്ത്രീയസോഷ്യലിസത്തെ ഉട്ടോപ്പിയയിൽനിന്ന് ഇറക്കി മണ്ണിൽ പ്രതിഷ്ഠിച്ചതു്. മാർക്സിസം അതിന്റെ താത്വികവശത്തിൽ ആധുനികശാസ്ത്രങ്ങളെ സമന്വയിപ്പിക്കുന്ന ശാസ്ത്രമാകുന്നു. പരസ്പരം പൊരുത്തപ്പെടുത്താനാവാത്ത ആധുനികശാസ്ത്രനിഗമനങ്ങളെ വൈരുദ്ധ്യാത്മകഭൗതികവാദം എങ്ങിനെ പൊരുത്തപ്പെടുത്തുന്നു എന്നു് ഹാൾഡെയ്ൻ, ബർണൽ മുതലായവർ വിവരിച്ചു കാണിച്ചിട്ടുണ്ട്. മാർക്സിസത്തെ വിവിധ വിജ്ഞാനശാഖകളിൽ സമന്വയിച്ചുകൊണ്ടുള്ള പഠനങ്ങൾ എത്രയെങ്കിലും ഉണ്ടായിട്ടുണ്ട്. ഈ വഴിയ്ക്കാണ് ഇരുപതാംനൂററാണ്ടിൽ മാർക്സിസത്തിന്റെ വികാസവും വിപുലനവും. മാർക്സിസത്തിന്റെ രാഷ്ട്രീയവശം മാത്രം കാണുന്നവർ, ജീവിതത്തെ വ്യാഖ്യാനിക്കുന്ന ദർശനമെന്ന നിലയിൽ അതിന്റെ പ്രാധാന്യം കാണാത്തവരാണ്. ദർശനമെന്ന നിലയിൽ മാർക്സിസത്തെ മനസ്സിലാക്കണമെങ്കിലാകട്ടെ ആധുനികസയൻസിന്റെ സാമാന്യബോധമെങ്കിലും ആവശ്യമാണുതാനും. അതിനാൽ മാർക്സിസം ശരിയ്ക്കു പഠിപ്പിയ്ക്കാൻതന്നെ ഭൗതിക–ജൈവ–സാമൂഹ്യശാസ്ത്രങ്ങളുടെ സാമാന്യതത്വങ്ങൾ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കിയേ തീരൂ. കമ്മ്യൂണിസ്റ്റുകാർ ഒരേസമയം ചുകപ്പന്മാരും വിദഗ്ദ്ധന്മാരും (റെഡ്ഡ് ആൻഡ് എക്സ്പെർട്ട്) ആകണമെന്ന വാദിക്കുന്ന ചൈനക്കാർ ഈ വസ്തുത മനസ്സിലാക്കിയവരാണ്. വെറും ചുകപ്പുമാത്രം മതിയായിരുന്ന കമ്മ്യൂണിസപ്രഭാതകാലം കഴിഞ്ഞുപോയിരിയ്ക്കുന്നു. ചുകപ്പിനോളംതന്നെ വൈദഗ്ദ്ധ്യവും ആവശ്യമായ മദ്ധ്യാഹ്നകാലമാണ് ഇതു്. സാമൂഹ്യബോധമുള്ള എഴുത്തുകാർ ഈ വസ്തുത വ്യക്തമായി ധരിക്കേണ്ടിയിരിക്കുന്നു.

## പരിതാപകരമായ വൈകൃതം എന്തു്?

6. ഇന്ത്യയിലെ ഏററവും അത്ഭുതകരമായ സമകാലികസാംസ്കാരികപ്രതിഭാസം ഭാരതീയഭാഷകളിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്ന വൈജ്ഞാനികസാഹിത്യമാണെങ്കിൽ, നമ്മുടെ സാംസ്കാരികരംഗത്തിലെ 'ഏററവും പരിതാപകരമായ വൈകൃതം ശ്രീ. വൈക്കം പൊക്കിക്കാണിക്കുന്ന ഏതാനും ചിലരുടെ "അത്യാധുനികത" അല്ല; നേരെ മറിച്ച്, ഈ മഹാരാജ്യത്തിലെ എഴുപതുശതമാനത്തിലേറെ ജനങ്ങളുടെ ഇടയിൽ കൊടികുത്തിവാഴുന്ന നിരക്ഷരതയാണ്. ഭീകരമായ ഈ നിരക്ഷരതയെപ്പററി തികച്ചും നിരക്ഷരമാണ് ശ്രീ. വൈക്കത്തിന്റെ പ്രബന്ധം. വിദ്യാഭ്യാസവികസനത്തിനുള്ള പ്രയത്നങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും, സ്വാതന്ത്ര്യം ലഭിച്ച ദിവസം ഇന്ത്യയിൽ ആകെ എത്ര ജനങ്ങൾ ഉണ്ടായിരുന്നുവോ അതിലേറെ ജനങ്ങൾ സ്വാതന്ത്ര്യത്തിന്റെ കാൽനൂററാണ്ടിനുശേഷം ഇന്ത്യയിൽ നിരക്ഷരരായുണ്ട് എന്ന നടുക്കുന്ന വസ്തുത നാം എപ്പോഴും ഓർമ്മിച്ചേ മതിയാവൂ. ആണ്ടിൽ അരക്കോടി എന്ന കണക്കിനു് ഇന്ത്യയിൽ നിരക്ഷരരുടെ സംഖ്യ പെരുകിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ സ്ഥിതി തുടരുന്നപക്ഷം, ഏറെ താമസിയാതെ ഇന്ത്യയിൽ ജനിക്കുന്ന രണ്ടു കുട്ടികളിൽ ഒരു കുട്ടി നിരക്ഷരനായി ജീവിച്ചു നിരക്ഷരനായി മരിക്കേണ്ടിവരും. ബഹുജനങ്ങൾക്കുവേണ്ടി എഴുതുന്നു എന്നു് അഭിമാനിക്കുന്ന സാഹിത്യകാരന്മാർ ഈ പ്രശ്നം കാണാൻ കൂട്ടാക്കാതിരിക്കാമോ? എന്തുനാൾ?

7. ഇന്ത്യയിലെ സ്ഥിതി പൊതുവെ ഇതാണെങ്കിൽ കേരളത്തിലെ പ്രത്യേക സ്ഥിതിയെന്താണ്? കേരളത്തിൽ സാക്ഷരത്വം ഭേദമാണെന്നാണ് നമ്മുടെ നാട്യം. എന്നാൽ, കേരളത്തിൽ നൂറിൽ നാല്പതു് ആളുകൾക്ക് ഇന്നും മലയാളംപോലും വായിയ്ക്കാൻ അറിഞ്ഞുകൂട എന്നു് എഴുത്തുകാർ ഓർമ്മിക്കുന്നുണ്ടോ? ഈ നിരക്ഷരത്വം, നമുക്കു് ആഗ്രഹമുണ്ടെങ്കിൽ ഏതാനും മാസങ്ങൾകൊണ്ടു് നീക്കാവുന്നതേയുള്ളു. ഒരിക്കൽ തുടച്ചുമാററിയ ഒരു മഹാമാരിപോലെ നിരക്ഷരത്വം വീണ്ടും കടന്നാക്രമണം നടത്തുകയില്ല. സോവ്യററ്യൂണിയനും ചൈനയും വിപ്ലവാനന്തരം ഏതാനും വർഷങ്ങളിൽ ആ മഹാരാജ്യങ്ങളിലെ അതിഭീമമായിരുന്ന നിരക്ഷരത്വം സമ്പൂർണ്ണമായി തുടച്ചുമാററുകയുണ്ടായി. എന്നാൽ, നിരക്ഷരത്വമെന്ന ഒരു സാമൂഹ്യപ്രശ്നമുള്ളതായിപ്പോലും നാം മറന്നിരിയ്ക്കുകയാണ്. കമ്മ്യൂണിസ്റ്റ്പാർട്ടികൾ അടക്കം ഇന്ത്യയിൽ ഒരു രാഷ്ട്രീയപ്പാർട്ടിയുടേയും ഒരു സാമുദായികകക്ഷിയുടേയും തിരഞ്ഞെടുപ്പുവിജ്ഞാപനത്തിൽ നിരക്ഷരതാ നിവാരണത്തിനുള്ള പരിപാടികൾ ഉൾപ്പെടുത്തിക്കണ്ടിട്ടില്ല. അധികാരത്തിൽ വന്നതിന്നുശേഷം, കമ്മ്യൂണിസ്റ്റ്പാർട്ടികൾ അടക്കമുള്ള ഒരു രാഷ്ട്രീയപ്പാർട്ടിയും നിരക്ഷരതാ നിവാരണത്തിന്നുള്ള ഒരു ബഹുജനപ്രസ്ഥാനം സംഘടിപ്പിക്കുന്നതിനെപ്പററി ആലോചിച്ചിട്ടുപോലുമില്ല.

8. സാഹിത്യകാരന്മാരെങ്കിലും ഈ പ്രശ്നത്തെപ്പററി ആലോചിക്കേണ്ടതല്ലേ? അവരിൽ ചിലർ കരുതുംപോലെ, ഈ സാഹിത്യകാരൻ പരിഗണിക്കേണ്ടതില്ലാത്തതും, "നിരക്ഷരതാനിവാരണ" യോഗങ്ങളിൽ പ്രസംഗവിഷയമാക്കാൻ മാത്രം കൊള്ളുന്നതുമായ ഒരു നിസ്സാരകാര്യമാണോ? എഴുപതുശതമാനം ആളുകൾക്കു് ഒരക്ഷരവും തിരിയാത്ത ഒരു രാജ്യത്തിരുന്നു "ബഹുജനങ്ങൾക്കുവേണ്ടി" സാഹിത്യം രചിക്കുന്നവരുടെ അന്ധതയോ, പൊങ്ങച്ചമോ, ഏതാണ് കൂടുതൽ പരിഹാസ്യം? പർവ്വതോപമമായ ഈ സാമൂഹ്യപ്രശ്നത്തെ തീരെ കാണാതെ പരമാണുപ്രായമായ ഏതാനും ഡ്രസൻ ആളുകളുടെ "അത്യാധുനികത"യെ പരത്തി വിമർശിക്കുകയാണോ പുരോഗമനസാഹിത്യകാരന്മാരുടെ ഒരു സമ്മേളനത്തിന്റെ മുഖ്യകൃത്യം? ശ്രീ. വൈക്കത്തിന്റെ പ്രബന്ധം അതാണ് ചെയ്യുന്നതു്. മിതമായ ഭാഷയിൽ പറഞ്ഞാൽ ആ പ്രബന്ധത്തിന്നു സമതുലിതമായ ഒരു വീക്ഷണമില്ല; വീക്ഷണം തന്നെയില്ല.

## വിദ്യാഭ്യാസ പ്രശ്നങ്ങൾ

9. സാഹിത്യകാരന്മാർ ഗൗരവപൂർവ്വം ആലോചിക്കേണ്ട മറെറാരു വിഷയമാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ അന്തഃശൂന്യതയും പ്രസക്തിശൂന്യതയും. തന്മൂലം വിദ്യാഭ്യാസത്തിൽ വന്നുചേർന്നിട്ടുള്ള തകർച്ചയും സാഹിത്യവും വിദ്യാഭ്യാസവും, ഒരു സ്വതന്ത്രരാജ്യത്തിൽ, ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ ആകുന്നു. സാമൂഹ്യപ്രശ്നങ്ങളിൽ താല്പര്യമുള്ള സാഹിത്യകാരൻ മറെറന്തിലുമേറെ വിദ്യാഭ്യാസപ്രശ്നങ്ങളിൽ തല്പരനാവണം. ഇന്ത്യയിൽവെച്ച് ഏററവുമധികം വിദ്യാഭ്യാസമുണ്ടെന്നവകാശപ്പെടുന്ന കേരളത്തിൽ നൂറിൽ നാൽപ്പത്തിനാലു പുരുഷന്മാർക്കേ എന്തെങ്കിലും വരുമാനമുള്ള ജോലിയുള്ളു. സ്ത്രീകൾക്കാണെങ്കിൽ, നൂറിൽ പതിമൂന്നു സ്ത്രീകൾക്കേ എന്തെങ്കിലും തൊഴിലുള്ളു. നമ്മുടെ വിദ്യാഭ്യാസപദ്ധതി തികച്ചും പരാജയപ്പെട്ടിരിക്കുന്നു എന്നതിന്നു് ഈ കണക്കുകൾ പോരെങ്കിൽ, ഏറെക്കുറെ മിക്ക ദിവസങ്ങളിലും സമരങ്ങൾകൊണ്ടു് മുഖരിതങ്ങളായ വിദ്യാലയങ്ങൾകൂടി തെളിവുകളായുണ്ട്. ഇപ്പറഞ്ഞ കണക്കുകൾ സെൻസസ്സ് റിപ്പോർ

(28-ാംപേജിൽനിന്നു തുടർച്ച)

സവും (ആംഗ്വിഷ്) അന്യതാബോധവും (ഏലിയനേഷൻ) നഗരജീവിതത്തിൽ തികഞ്ഞ യാഥാർത്ഥ്യങ്ങളത്രെ. മൗലികവികാരങ്ങളിൽ ഏററവും ശക്തിയുള്ള ഒന്നാണ് സെക്സ്. ഗർഭധാരണവുമായി സെക്സിന്നുണ്ടായിരുന്ന അനാദികാലബന്ധം വേർപ്പെടുത്തപ്പെട്ടതോടെ, സെക്സിനോടുള്ള സമീപനത്തിൽ വിപ്ലവകരമായ മാററങ്ങൾ ആവശ്യമായിരിക്കുന്നു. മദ്യംപോലെയോ അതിലധികമോ മനുഷ്യന്റെ അനുഭൂതിയിൽ വികാസമോ വൈരൂപ്യമോ വരുത്താൻ കഴിവുള്ള ലഹരിമരുന്നുകൾ ഈയിടെ സുലഭമായിത്തീർന്നിട്ടുണ്ട്; ഇവ ഉളവാക്കുന്ന പ്രശ്നങ്ങളും നിരവധിയാണു്. പഴയ സാമൂഹ്യഘടന തകരുന്നതോടെ പഴയ മൂല്യങ്ങൾക്കു നിലനില്പില്ലാതെയാവുന്നു; അവയുടെ സ്ഥാനത്തു പുതിയ മൂല്യങ്ങൾ അന്വേഷിച്ചു കണ്ടെത്തേണ്ടിയിരിക്കുന്നു.

4. "അത്യാധുനിക" സാഹിത്യത്തിന്റെ ഭാവം തീരെ അപ്രസക്തമെന്നോ രൂപം തീരെ നിരർത്ഥകമെന്നോ പറയാൻ ഞാൻ തയ്യാറല്ലെന്നർത്ഥം. യുവതലമുറക്കു് അവരുടേതായ പ്രശ്നങ്ങളുണ്ടു്, അവയെ പ്രായോഗികമായി പരിഹരിക്കുന്നതിന്നുള്ള മാർഗ്ഗങ്ങൾ കാണുകയെന്നപോലെ സൌന്ദര്യാവബോധപരമായി അവയെ ആവിഷ്ക്കരിക്കുന്നതിന്നുള്ള ഉപാധികൾ തേടുകയും യുവതലമുറയുടെ ചുമതലയും അവകാശവുമാണു്. ഒന്നുമാത്രം ഞാൻ കൂട്ടിച്ചേർക്കും: വ്യക്തിയുടെ സാഫല്യം സമഷ്ടിയുമായുള്ള സായൂജ്യത്തിലാണെന്നു് അത്യാധുനികർ മനസ്സിലാക്കണം. ഓരോ വ്യക്തിക്കും കൈമുതലായുള്ളതു തികച്ചും തനതായ വ്യക്തിചേതനയാണു്; പക്ഷേ ഈ ചേതന തന്നെയാണു് സമഷ്ടിയുമായി വ്യക്തിയെ ബന്ധപ്പെടുത്തുന്നതു്. മാത്രമല്ല, സമഷ്ടിയോടുള്ള ആകെ മൊത്തം പ്രതികരണമത്രേ ഒരർത്ഥത്തിൽ വ്യക്തിചേതന. സമഷ്ടിയെ നിഷേധിക്കുന്നപക്ഷം വ്യക്തിക്കു നിലനില്പില്ല. ദുഃഖംപോലെതന്നെ സത്യങ്ങളാണു് ദുഃഖനിദാനവും ദുഃഖനിരോധമാർഗ്ഗവും. വ്യവസായത്തിന്റേയും ജനപ്പെരുപ്പത്തിന്റേയുമായ ഈ യുഗത്തിൽ ബോധപൂർവ്വം ഒററപ്പെട്ട ജീവിതം ഒരു കുററംതന്നെയാണു്. അവികസിതമായ നമ്മുടെ രാജ്യത്തു് ഓരോരുത്തനും ഭാരിച്ച സാമൂഹ്യ-ഉത്തരവാദിത്വമുണ്ടു്. അതു് ഓരോ വ്യക്തിയും നിറവേററിയേ പററൂ. സമഷ്ടിക്കുവേണ്ടി പരമമായ ധീരതയോടെ അഴിമതികൾക്കെതിരെ പോരാടാനുള്ള പ്രേരണ സ്രോതസ്സുകളായി തങ്ങളുടെ സന്ത്രാസത്തെയും അന്യതാബോധത്തേയും ഏകാകിതയേയും പാശ്ചാത്യരാജ്യങ്ങളിലെ അത്യാധുനികതയുടെ പരമാചാര്യന്മാർ ഉപയോഗപ്പെടുത്തിയിട്ടുള്ളതു് കേരളത്തിലെ അത്യാധുനികന്മാർക്കും മാർഗ്ഗദർശനം നൽകേണ്ടതാണു്.

5. "അത്യാധുനിക"ർക്കിടയിലും കള്ളനാണ്യങ്ങളുണ്ടാവാം. എന്തിലാണു് കള്ളനാണ്യങ്ങളില്ലാത്തതു്? അത്യാധുനികതയുടെ മുഖംമൂടികൊണ്ടു തങ്ങളുടെ അപ്രഗത്ഭതയെ, അർത്ഥമുള്ളതോ ഭംഗിയുള്ളതോ ആയ എന്തെങ്കിലും നിർമ്മിക്കുന്നതിലുള്ള അശക്തിയെ, മൂടിവെക്കുന്നവരുണ്ടാകാം. ഒരുപക്ഷേ, അത്യധുനികതയുടെ മേൽവിലാസത്തിൽ സഞ്ചരിക്കുന്നവരിൽ വളരെ വലിയ ഒരു വിഭാഗം ഇത്തരക്കാരാവാം. പുരോഗമനസാഹിത്യപ്രസ്ഥാനത്തിലുമുണ്ടായിരുന്നില്ലേ ഇത്തരം കള്ളനാണ്യങ്ങൾ? കള്ളനാണ്യങ്ങളുടെ അടിസ്ഥാനത്തിലല്ലല്ലോ നാം നാണ്യവ്യവസ്ഥയെ വിലയിരുത്തേണ്ടതു്.

## രാഷ്ട്രീയകക്ഷികളിൽ സാഹിത്യകാരന്മാർ

VIII. 1. രാഷ്ട്രീയപ്രവർത്തനത്തിന്നു് കഴിവും ഒഴിവുമുള്ള സാഹിത്യകാരന്മാർ തങ്ങളുടെ മനസ്സിന്നിണങ്ങിയ രാഷ്ട്രീയപ്പാർട്ടികളുടെ കർമ്മപദ്ധതികളുമായി ബന്ധപ്പെടുന്നതു് ആവശ്യമാണെന്നു പറയുകയുണ്ടായി. തങ്ങൾ ആർക്കുവേണ്ടി എഴുതുന്നുവോ ആ ബഹുജനങ്ങളുമായി താദാത്മ്യം നേടാൻ ഈ ബന്ധം ഉപകരിക്കുമെന്ന അർത്ഥത്തിലാണു് അങ്ങിനെ പറഞ്ഞതു്. മറെറാരർത്ഥത്തിൽക്കൂടി ഈ ബന്ധം പ്രയോജനകരമാണു്. സ്വാതന്ത്ര്യസമരത്തിന്റെ അന്തിമഘട്ടത്തോടടുത്തു് ഇന്ത്യയിൽ വേലിയേററംകൊണ്ടു രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ശക്തിക്കുമുമ്പിൽ ആദരാദ്ഭുതങ്ങളോടെ പകച്ചുനില്ക്കുകയായിരുന്നു ഇവിടത്തെ ബുദ്ധിജീവികൾ. രാഷ്ട്രീയപ്രസ്ഥാനങ്ങളാകട്ടെ ബുദ്ധിപരതയോടു് ഏറെക്കുറെ അനാസ്ഥ പുലർത്തുകയാണു് ചെയ്തുവന്നതെന്നു് മുമ്പു പ്രസ്താവിച്ചുവല്ലോ.

2. നെഹ്റുയുഗത്തിന്റെ അവസാനത്തോടെ, രാഷ്ട്രീയപ്രസ്ഥാനങ്ങളോടു ബുദ്ധിജീവികൾക്കുണ്ടായിരുന്ന ആദരം അസ്തമിച്ചു. രാഷ്ട്രീയപ്രസ്ഥാനങ്ങളാകുന്ന കൊളോസ്സസ്സുകളുടെ കളിമൺകാലുകൾ എവർക്കും കാണാറായി. ആദർശഭേദത്തിലേറെ മററു കാരണങ്ങളാൽ എല്ലാ പാർട്ടികളും പൊട്ടിത്തകർന്നു ചിതറി. 'അത്യാധുനിക'രുടെ യുവതലമുറയുടെതന്നെ മോഹഭംഗത്തിന്നും ആദർശപ്പുച്ഛത്തിന്നും അരാജകത്വപ്രവണതക്കും വളരെ വലിയ ഒരളവോളം ഉത്തരവാദിത്വം വഹിക്കേണ്ടതു് രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ഈ പരാജയമാണു്. അന്യോന്യം കടിച്ചുകീറിക്കൊണ്ടിരിക്കുന്ന ഈ രാഷ്ട്രീയപ്രസ്ഥാനങ്ങൾ ഇപ്പോഴും ഈ നാട്ടിലെ സാംസ്കാരികാവശ്യങ്ങളെപ്പററി മനസ്സിലാക്കുകയോ ലോകവിജ്ഞാനവികാസത്തിൽ ശ്രദ്ധിക്കുകയോ ചെയ്യുന്നില്ല.

3. ഈയിടെയായി സ്ഥിതിയിൽ അല്പം വ്യത്യാസം വരാൻ തുടങ്ങിയിട്ടുണ്ടു്. അറിവിന്റെ മുഖ്യധാരയിൽനിന്നു് അകന്നുപോയി പഴഞ്ചന്മാരായ 'ഒരുതരം സിദ്ധാന്തവാദികളായിത്തീരുകയാണു് തങ്ങൾ എന്ന വിചാരം രാഷ്ട്രീയപ്രവർത്തകരിൽ ചിലർക്കെങ്കിലും ഉണ്ടാവാൻ തുടങ്ങിയതിന്റെ ലക്ഷണങ്ങൾ കാണുന്നു. ഈ അവസരം സാഹിത്യകാരന്മാർ ഉപയോഗപ്പെടുത്തണമെന്നാണു് എന്റെ അഭിപ്രായം. സാഹിത്യകാരന്മാർ രാഷ്ട്രീയപാർട്ടികളുടെ കർമ്മപദ്ധതികളുമായി ബന്ധപ്പെടുന്നതിന്റെ രണ്ടാമത്തെ പ്രയോജനം ഇതാണു്. കഴിവുള്ള എഴുത്തുകാർ രാഷ്ട്രീയകക്ഷികളിൽ അംഗങ്ങളായിച്ചേരുകയും, സമൂഹത്തിന്റെ സാംസ്കാരികാവശ്യങ്ങളെപ്പററി, ഉള്ളിൽ നിന്നുകൊണ്ടു്, ഈ കക്ഷികളെ ഉദ്ബോധിപ്പിക്കുകയും, ഒരു സാംസ്കാരികവിപ്ലവത്തിന്റെ കർമ്മപരിപാടി അവയെക്കൊണ്ടു് അംഗീകരിപ്പിച്ചു് നടപ്പിൽ വരുത്തുകയും വേണം.

4. "ഇന്ത്യയിലെ കുത്തകപ്രഭുക്കന്മാരേയും, ലോകരംഗത്തിലെ സാമ്രാജ്യസൈനികമേധാവിത്തങ്ങളേയും, കുത്തകകളെ താലോലിക്കുന്ന ഫ്യൂഡലിസത്തേയും മുതലാളിത്തത്തേയും വലതുപക്ഷ രാഷ്ട്രീയകക്ഷികളെയും വർഗ്ഗീയസംഘടനകളേയും" പുരോഗമനസാഹിത്യകാരൻ വിട്ടുവീഴ്ചയില്ലാതെ എതിർക്കണമെന്നു് ശ്രീ. വൈക്കം പറയുന്നു.

5. നല്ലതു്. പക്ഷേ ഞാൻ ഇതുകൂടി കൂട്ടിച്ചേർക്കും: ഭരണയന്ത്രം കൈയിൽ വന്നിട്ടും, ഈ മഹത്തായ ജനതയുടെ ഏററവും വലിയ ശാപവും സാമൂഹ്യപുരോഗതിയുടെ ഏററവും വലിയ പ്രതിബന്ധവുമായ നിരക്ഷരതയെ നിർമ്മാജ്ജനം ചെയ്യുന്നതിന്നു് ഒരു ചെറുവിരൽപോലും അനക്കാത്ത രാഷ്ട്രീയകക്ഷികളെ, അവ ഇടത്തോ വലത്തോ നടുക്കോ നില്ക്കുന്നവയാകട്ടെ, പുരോഗമനസാഹിത്യകാരൻ നിഷ്കരുണം വിമർശിക്കണം, ഭരണയന്ത്രം കൈയിൽവന്നിട്ടും, ദരിദ്രമായ ഈ രാജ്യത്തിലെ വിദ്യാഭ്യാസത്തെ ഇവിടത്തെ പരിതസ്ഥിതികൾക്കും ആവശ്യങ്ങൾക്കും ഇണങ്ങിയ തരത്തിൽ പുനസ്സംഘടിപ്പിക്കുവാൻ തയ്യാറല്ലാത്ത രാഷ്ട്രീയകക്ഷികളെ, അവ ഇടത്തോ വലത്തോ നടുക്കോ നില്ക്കുന്നവയാകട്ടെ, പുരോഗമനസാഹിത്യകാരൻ ഇരുത്തിപ്പൊറുപ്പിച്ചുകൂട, ഭരണയന്ത്രം കൈയിൽ വന്നിട്ടും ശാസ്ത്രീയവിജ്ഞാനത്തെ ബഹുജനങ്ങളിലേക്കു ചിറമുറിച്ചൊഴുക്കുന്നതിന്നു കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളാത്ത രാഷ്ട്രീയകക്ഷികൾക്കു്, അവ ഇടത്തോ വലത്തോ നടുക്കോ നില്ക്കുന്നവയാകട്ടെ പുരോഗമനസാഹിത്യകാരൻ സ്വൈരംകൊടുത്തുകൂടാ. രാഷ്ട്രീയപാർട്ടികളുമായുള്ള ബന്ധത്തിലൂടെ പുരോഗമനസാഹിത്യകാരൻ നിർവ്വഹിക്കേണ്ട സാമൂഹ്യസേവനം ഇതാണു്,

6. ജനാധിപത്യവ്യവസ്ഥിതിയിൽ സാമൂഹ്യവിപ്ലവം നടപ്പിൽ വരുത്താനുള്ള കരുക്കളാണു് രാഷ്ട്രീയപാർട്ടികൾ. തങ്ങളുടെ ഹ്രസ്വകാലലക്ഷ്യങ്ങൾ നേടുവാൻവേണ്ടി സാഹിത്യകാരന്മാരെ കരുക്കളായി ഉപയോഗിക്കാൻ രാഷ്ട്രീയപ്പാർട്ടികൾ ശ്രമിക്കുമെങ്കിൽ, രാഷ്ട്രീയപ്പാർട്ടികളെ കരുക്കളാക്കി സാഹിത്യത്തിന്റെ ദീർഘകാലലക്ഷ്യമായ സാംസ്കാരികവിപ്ലവം നടപ്പിൽ വരുത്താൻ എന്തുകൊണ്ടു സാഹിത്യകാരന്മാർക്കു ശ്രമിച്ചുകൂടാ?

— * —

ട്ടുകളിലുള്ളവയാണെന്നും അവയ്ക്കൊരു പുതുമയുമില്ലെന്നും ഞാൻ സമ്മതിക്കുന്നു. എന്നുവെച്ച് സാഹിത്യകാരന്മാർ അവയിലടങ്ങിയ ക്രൂരമായ യാഥാർത്ഥ്യം കാണാതിരിക്കാമോ? 'നമ്മുടെ നാടിനെപ്പറ്റി കൂടുതൽ ആഴത്തിൽ' പുരോഗമനസാഹിത്യകാരൻ പഠിക്കണമെന്നാവശ്യപ്പെടുന്ന ശ്രീ. വൈക്കത്തിന്റെ പ്രബന്ധം, സാഹിത്യകാരന്റെ ശ്രദ്ധാവിഷയങ്ങളിൽ പ്രധാനമായിരിക്കേണ്ട വിദ്യാഭ്യാസത്തിന്റെ പ്രസക്തിരാഹിത്യത്തെപ്പറ്റി എന്തുകൊണ്ട് മൗനം ഭജിക്കുന്നു! സാമൂഹ്യസംസ്കാരത്തെ വാർത്തെടുക്കുന്നതിനുള്ള മുഖ്യോപാധിയായ വിദ്യാഭ്യാസം ഒരു പിടി ബ്യൂറോക്രാറ്റുകൾക്കായി ഒഴിച്ചിടപ്പെടേണ്ട ഒരു മേഖലയാണോ? സാഹിത്യകാരന്റെ കർത്തവ്യമെന്നു കരുതപ്പെടുന്ന 'സോഷ്യൽ എൻജിനിയറിംഗി'നുള്ള ഉപകരണമായ വിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങൾ സാഹിത്യകാരൻ പഠിക്കുകയും ചർച്ച ചെയ്യുകയും വേണ്ടതല്ലേ?

10. ഞാൻ ഉദ്ദേശിക്കുന്നതിതാണ്: ശ്രീ വൈക്കം പറയുംപോലെ തൊഴിലാളികളെയും ധനികകൃഷിക്കാരെയും ചെറുകിടകൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും ഒക്കെപ്പറ്റി സാഹിത്യകാരന്മാർ സംസാരിച്ചുകൊള്ളട്ടെ. അതേസമയം, ഇവരിൽ ഏതു വിഭാഗക്കാരേക്കാളും എണ്ണത്തിൽ കൂടുതലുള്ളവരും കൂടുതൽ അവശതയനുഭവിക്കുന്നവരുമായ നിരക്ഷരരേയും ഒരു തൊഴിലുമില്ലാത്തവരേയും പറ്റി അവർ ചിന്തിക്കണം. അവരുടെ നിരക്ഷരത്വം നിവാരണം ചെയ്യുന്നതിന്നും, അവക്കു തൊഴിൽ ലഭിക്കുമാറ് വിദ്യാഭ്യാസത്തെ പുനസ്സംവിധാനം ചെയ്യുന്നതിന്നും, ആധുനികശാസ്ത്രത്തിന്റെ വെളിച്ചം അവക്കു പകർന്നുകൊടുക്കുന്നതിനും, അങ്ങിനെ നമ്മുടെ സമുദായത്തെ ആധുനികീകരിക്കുന്നതിനുമുള്ള ഒരു പരിപാടി സാഹിത്യകാരന്മാർ തയ്യാറാക്കുകയും, അതു നടപ്പാക്കുന്നതിന് തങ്ങളുടെ സംഘടിതശക്തി ഉപയോഗപ്പെടുത്തുകയും വേണം. സാഹിത്യകാരന്മാർക്ക് സംഘടനയിലൂടെ സാധിക്കുവാനുള്ള മുഖ്യ സാമൂഹ്യകൃത്യം ഇതാകുന്നു. നിരക്ഷരത്വനിവാരണം, വിദ്യാഭ്യാസനവീകരണം, ശാസ്ത്രീയവിജ്ഞാനപ്രചാരണം എന്ന മൂന്നു സാംസ്കാരികപ്രവർത്തനങ്ങളിലാകട്ടെ നമ്മുടെ എഴുത്തുകാരുടെ സാമൂഹ്യമായ പ്രതിജ്ഞാബദ്ധത (സോഷ്യൽ കമ്മിറ്റ്മെന്റ്). കാരണം വാക്കുകളും ആശയങ്ങളും കൊണ്ടു പെരുമാറുന്നവരുടെ മുമ്പിൽ ഭീഷണിയും വെല്ലുവിളിയുമായി ഉയർന്നുനില്ക്കുന്ന കടുത്ത യാഥാർത്ഥ്യങ്ങൾ ഇവയാകുന്നു.

## ഐക്യമുന്നണിയോ; ഫോറമോ?

VI. 1. പുരോഗാമികളും സ്ഥിതിസ്ഥാപകന്മാരും പശ്ചാന്മുഖന്മാരുമായ സാഹിത്യകാരന്മാർ തമ്മിൽ ഐക്യമുന്നണി വേണമോ? അതോ, 'അഭിപ്രായങ്ങളും അഭിപ്രായഭിന്നതകളും കൈമാറുന്ന'തിന്ന് ഒരു ഫോറം ഉണ്ടാക്കുകയാണോ അവർ വേണ്ടതു്?

2. മുമ്പു പലപ്പോഴും ചെയ്തിരുന്ന മാതിരി അർത്ഥവുമില്ലാത്ത വാദപ്രതിവാദങ്ങൾ ഇളക്കിവിടുന്നതിലും പൊങ്ങച്ചങ്ങൾ പറയുന്നതിലും ഒതുങ്ങിനില്ക്കുകയേ ഉള്ളു ഈ അഭിപ്രായക്കൈമാറ്റമെങ്കിൽ, എനിക്ക് അതിൽ വിശേഷിച്ച് ഒരു താൽപര്യവുമില്ല. "സാഹിത്യകാരന്മാർ പരിപാടിയുണ്ടാക്കി സമരം ചെയ്യുന്നവരല്ല" എന്നു ശ്രീ. വൈക്കം പറയുന്നതിനോടും എനിക്കു യോജിപ്പില്ല. സാഹിത്യകാരന്മാർ സംഘടിക്കുകയാണെങ്കിൽ അതു പരിപാടിയുണ്ടാക്കാനും, ആ പരിപാടി നടപ്പിൽ വരുത്തുന്നതിന്നുള്ള പ്രവർത്തനങ്ങൾ തുടർന്നു നടത്താനുംവേണ്ടി ആയിരിക്കണമെന്നാണ് എന്റെ ദൃഢമായ അഭിപ്രായം. ഞാൻ ആദ്യം നിർദ്ദേശിച്ച സാംസ്കാരികപ്രവർത്തനമണ്ഡലങ്ങളിലും, അതുപോലെ വേറെ പ്രവർത്തനമണ്ഡലങ്ങളുണ്ടെങ്കിൽ അവയിലും, ആസൂത്രിതപരിപാടികൾ തയ്യാറാക്കുന്നതിന്നും, അവ നടപ്പിലാക്കുവാൻ തങ്ങളുടെ പ്രയത്നശക്തിയിലൊരു ഭാഗം സംഭാവനചെയ്യുന്നതിന്നും, സർക്കാരിലും മറ്റ് അധികാരകേന്ദ്രങ്ങളിലും മർദ്ദംചെലുത്തി ഈ പരിപാടികൾ മുന്നോട്ടു നീക്കുന്നതിന്നും ഐക്യമുന്നണിയോ ഫോറമോ മറ്റേതെങ്കിലും. സംഘടനാസംവിധാനമോ ഉതകുമെങ്കിൽ സാഹിത്യകാരന്മാർ അതു് ഉണ്ടാക്കുകതന്നെ വേണം. രാഷ്ട്രീയകക്ഷികളുടെ ഹ്രസ്വകാലലക്ഷ്യങ്ങൾക്കുവേണ്ടി സാഹിത്യകാരന്മാരിൽത്തന്നെ രാഷ്ട്രീയപ്രവർത്തകന്മാർ കൂടിയായവർ രാഷ്ട്രീയകക്ഷികളിലൂടെ അദ്ധ്വാനിക്കുന്നതിൽ എനിക്കു പരാതിയില്ല. മാത്രമല്ല, അതാവശ്യമാണെന്ന് എനിക്കു ബോധ്യവുമുണ്ടു്. എന്നാൽ സാഹിത്യകാരന്മാരുടെ സംഘടനക്ക്, അതു് ഐക്യമുന്നണിയായാലും ഫോറമായാലും വേറെ ഏതായാലും, കുറേക്കൂടി ദീർഘകാലപ്രസക്തിയുള്ള ലക്ഷ്യങ്ങളും അവ നേടാനുള്ള പരിപാടികളുമാണ് ഉണ്ടായിരിക്കേണ്ടതു്. ഹ്രസ്വകാലരാഷ്ട്രീയലക്ഷ്യങ്ങൾക്കായി പൊരുതാനുള്ള ആയുധങ്ങളായി സാഹിത്യകാരന്മാരുടെ സംഘടനകളെ ഉപയോഗപ്പെടുത്താൻ ശ്രമിക്കാതിരിക്കുന്നതാണ് സാഹിത്യത്തിന്നും, ദീർഘവീക്ഷണത്തിൽ രാഷ്ട്രീയത്തിന്നും, നല്ലതു്.

3. സാഹിത്യകാരന്മാരുടെ സംഘടന ഏതു രൂപം കൈക്കൊണ്ടാലും, അതിന്റെ പരിപാടികളിൽ മുഖ്യമായ ഒന്നായിരിക്കേണ്ടതു്, വളരുന്ന എഴുത്തുകാർക്ക് എഴുത്തിന്റെ സാങ്കേതികവശങ്ങളിൽ ശിക്ഷണം നൽകുകയെന്നതാണ്. മുതിർന്ന എഴുത്തുകാരും ചെറുപ്പക്കാരായ എഴുത്തുകാരും രണ്ടോ നാലോ ആഴ്ച ഒരുമിച്ച് താമസിക്കുകയും ആശയങ്ങൾ കൈമാറുകയും, ചെറുപ്പക്കാർ എഴുതിയതു് മുതിർന്നവർ വായിച്ചുനോക്കി വിമർശിക്കുകയും ചെയ്യുന്ന ക്യാമ്പുകളാണ് ഈ ശിക്ഷണം നൽകാൻ ഏറ്റവും യോജിച്ച ഉപാധി. ഇത്തരം ക്യാമ്പുകൾ, അവയ്ക്കെല്ലാം കുറവുകളുണ്ടായിരുന്നാലും, നടത്തുകയെന്നതു് ക്രിയാത്മകമായി എന്തെങ്കിലും പ്രവർത്തിക്കാൻ താൽപര്യമുള്ള ഏതു സാഹിത്യകാരസംഘടനയുടേയും ഒരു പ്രധാന പ്രവൃത്തിയായിരിക്കണം.

## "അത്യാധുനികത"

VII. 1. പുതിയ എഴുത്തുകാരെപ്പറ്റി പറയുമ്പോൾ അത്യാധുനികതയുടെ പ്രശ്നം വരുന്നു. മാവോ–സ്റ്റാലിൻ ചേരിയും തദ്വിരുദ്ധചേരിയുമായിപ്പിരിഞ്ഞ ലോകത്തിൽ താൻ ഏതു ചേരിയിൽ നിലകൊള്ളുന്നു എന്നു കേരളത്തിലെ സാഹിത്യകാരൻ വ്യക്തമാക്കണമെന്നു പണ്ടു് പുരോഗമനസാഹിത്യസംഘടനയിൽ മുഴങ്ങിക്കേട്ട ആഹ്വാനംപോലെ, താൻ "അത്യാധുനികത"യുടെ ചേരിയിലോ അതിന്നെതിരായ ചേരിയിലോ നിലകൊള്ളുന്നതു് എന്നു് ഓരോ എഴുത്തുകാരനും വ്യക്തമാക്കണമെന്ന ഒരാഹ്വാനം ഇപ്പോൾത്തന്നെ ചിലർ മുഴക്കിത്തുടങ്ങിയിട്ടുണ്ടു്.

2: "അത്യാധുനികത"യെ മൊത്തത്തിൽ പിൻതാങ്ങുകയോ മൊത്തത്തിൽ എതിർക്കുകയോ ചെയ്യുന്ന പ്രശ്നം എന്നെ സംബന്ധിച്ചിടത്തോളം ഉദിക്കുന്നില്ല. എങ്കിലും "അത്യാധുനിക"ർക്കു പൊതുവായുള്ള പരീക്ഷണപ്രവണതയെ ഞാൻ സ്വാഗതം ചെയ്യുന്നു. കവിതയിലായാലും കഥയിലായാലും നോവലിലായാലും നാടകത്തിലായാലും—ചിത്രകലയിലായാലും സംഗീതത്തിലായാലും സിനിമയിലായാലും എന്നുകൂടി ഞാൻ പറയും—പഴയ രൂപങ്ങൾ തകർക്കുന്നതിലും, നിഷിദ്ധങ്ങളെന്നു വെച്ചിരുന്ന മണ്ഡലങ്ങളിലേയ്ക്കു കടന്നു ചെല്ലുന്നതിലും ആവിഷ്ക്കരണത്തിന്റെ പുതിയ വിമകൾ (ഡൈമൻഷനുകൾ) തേടുന്നതിലും അവർ കാണിച്ചുവരുന്ന ധീരതയും മൗലികപ്രതിഭയും പ്രശംസയർഹിക്കുന്നവയാണ്.

3. അത്യാധുനികസാഹിത്യകാരന്മാർ പൊതുവെ കൈകാര്യം ചെയ്യുന്ന വ്യക്തിനിഷ്ഠ (എക്സിസ്റ്റെൻഷ്യൽ) പ്രശ്നങ്ങൾ അവഗണിക്കപ്പെടേണ്ടവയാണെന്ന ബോധം എനിക്കില്ല. മരണമുണ്ടു്; ആത്മാവിന്റെ നിത്യതയിലോ, പുനർജ്ജന്മത്തിലേക്കു നയിക്കുന്ന പ്രതീത്യസമുൽപാദത്തിലോ ചൈതന്യത്തിന്റെ അദ്വൈതത്തിലോ വിശ്വസിക്കാത്ത ഒരാളെസ്സംബന്ധിച്ചിടത്തോളം മരണം ഭീതിദം തന്നെയാണ്. വ്യവസായവൽകൃതസമുദായത്തിന്റെ യന്ത്രോപമപ്രവർത്തനത്തിൽ ഒറ്റപ്പെട്ട ബുദ്ധിജീവിയുടെ സംത്രാ

(ശേഷം 30–ാം പേജിൽ)